പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5901

9.7.2012ൽ
മറുപടിയ്ക്ക്

## കുറ്റ്യേരി വില്ലേജിൽ മാവേലിസ്റ്റോർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പരിയാരം പഞ്ചായത്തിലെ കുറ്റ്യേരിയിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ; | എ) യും ബി) യും<br>ഉണ്ട്; സാദ്ധ്യതാ പഠനം നടത്തി കഴിഞ്ഞു. |
| ബി) ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ ; | |
| സി) പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ മാത്രമേ അനുവദിക്കൂ എന്ന നിബന്ധന നിലവിലുണ്ടോ ; | സി) യും ഡി) യും<br>നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. എന്നാൽ മാവേലി സ്റ്റോർ അനുവദിക്കണം എന്ന ആവശ്യത്തിന്മേൽ സാദ്ധ്യതാപഠനം നടത്തി, മാവേലി സ്റ്റോർ സാമൂഹികപരമായും വാണിജ്യപരമായും ഗുണകരമാണെന്ന് കാണുകയും ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ ജീവനക്കാരുടെ ലഭ്യത അനുസരിച്ച് രണ്ടാമതൊരു മാവേലി സ്റ്റോർ ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| ഡി) പഞ്ചായത്ത് മതിയായ സൗകര്യങ്ങൾ ഒരുക്കുകയും ലാഭകരമായി സ്റ്റോർ നടത്തുന്നതിനുള്ള മാനദണ്ഡം പാലിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്താൽ പഞ്ചായത്തിൽ ഒന്നിലധികം മാവേലി സ്റ്റോർ അനുവദിക്കുമോ ; | |
| ഇ) എങ്കിൽ അടിയന്തിരമായി കുറ്റ്യേരിയിൽ മാവേലി സ്റ്റോർ ആരംഭിക്കുമോ ? | ഇ) പരിയാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ ചുണ്ടല എന്ന സ്ഥലത്ത് മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. കുറ്റ്യേരിയിൽ മാവേലി സ്റ്റോർ അനുവദിക്കണമെന്ന നിവേദനത്തിൽ സാദ്ധ്യതാ പഠനം നടത്തിയതിൽ കുറ്റ്യേരിയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സാമൂഹികമായും വാണിജ്യപരമായും ഗുണകരമല്ല എന്നു കണ്ടതിനാൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ